"ഭരണഭാഷ- മാതൃഭാഷ"

<u>സ്റ്റേഷനറി കൺട്രോളറുടെ നടപടി ഉത്തരവ്</u>

വിഷയം :- സ്റ്റേഷനറി വകുപ്പ് - സ്ഥാപന വിഭാഗം - ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികകൾ ഷിഫ്റ്റ് ചെയ്യുന്നത് - സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- സ.ഉ.(സാധാ) നം. 383/2018/ഉവിവ തീയതി. 27.02.2018.

**<u>ഉത്തരവ് നമ്പർ: 4108 /ഇ 2/2017/സ്റ്റേ തീയതി- 24.03.2018.</u>**

സ്റ്റേഷനറി വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലെ ക്ലാർക്ക്/സീനിയർ ക്ലാർക്ക് കാറ്റഗറിയിലുള്ള 3 തസ്തികകൾ യഥാക്രമം തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലാ സ്റ്റേഷനറി ആഫീസുകളിലേയ്ക്കും, എറണാകുളം മേഖലാ സ്റ്റേഷനറി ആഫീസിലെ പ്രസ്തുത കാറ്റഗറിയിലെ ഒരു തസ്തിക കോട്ടയം ജില്ലാ സ്റ്റേഷനറി ആഫീസിലേയ്ക്കും ഷിഫ്റ്റ് ചെയ്യുന്നതിനുള്ള സർക്കാർ അനുമതി സൂചന (1) പ്രകാരം ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലെ ക്ലാർക്ക്/സീനിയർ ക്ലാർക്ക് കാറ്റഗറിയിലുള്ള 3 തസ്തികകൾ യഥാക്രമം തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലാ സ്റ്റേഷനറി ആഫീസുകളിലേയ്ക്കും, എറണാകുളം മേഖലാ സ്റ്റേഷനറി ആഫീസിലെ ക്ലാർക്ക്/സീനിയർ ക്ലാർക്ക് കാറ്റഗറിയിലുള്ള ഒരു തസ്തിക കോട്ടയം ജില്ലാ സ്റ്റേഷനറി ആഫീസിലേയ്ക്കും ഷിഫ്റ്റ് ചെയ്ത് ഉത്തരവാകുന്നു. ആയതിൻ പ്രകാരം വകുപ്പിൽ താഴെപ്പറയുന്ന രീതിയിലുള്ള മാറ്റങ്ങൾ നടപ്പിൽ വരുത്തിയും ഉത്തരവാകുന്നു.

1. ആസ്ഥാന കാര്യാലയത്തിലെ സ്ഥാപന വിഭാഗത്തിൽ നിന്നും ക്ലാർക്ക്/സീനിയർ ക്ലാർക്ക് കാറ്റഗറിയിലുള്ള 3 തസ്തികകൾ കുറവു ചെയ്യുകയും പ്രസ്തുത തസ്തികകൾ യഥാക്രമം തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലാ സ്റ്റേഷനറി ആഫീസുകളിലെ സ്ഥാപന വിഭാഗത്തിലെ ക്ലാർക്ക്/സീനിയർ ക്ലാർക്ക് കാറ്റഗറിയിലെ തസ്തികകളോട് കൂട്ടി ചേർക്കുകയും ചെയ്യുന്നതിനാൽ ആസ്ഥാന കാര്യാലയത്തിലെ ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികകളുടെ എണ്ണം 34-ൽ നിന്നും 31 ആയി കുറയുകയും തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലാ സ്റ്റേഷനറി ആഫീസുകളിലെ ക്ലാർക്ക്/സീനിയർ ക്ലാർക്ക് കാറ്റഗറിയിലുള്ള തസ്തികകളുടെ എണ്ണം 2-ൽ നിന്നും 3 ആയി മാറുന്നതുമാണ്.

2. എറണാകുളം മേഖലാ സ്റ്റേഷനറി ആഫീസിലെ സ്ഥാപന വിഭാഗത്തിൽ നിന്നും ക്ലാർക്ക്/സീനിയർ ക്ലാർക്ക് കാറ്റഗറിയിലുള്ള, ഒരു (1) തസ്തിക കുറവ് ചെയ്യുകയും, ടി തസ്തിക കോട്ടയം ജില്ലാ സ്റ്റേഷനറി ആഫീസിലേക്ക് കൂട്ടി ചേർക്കുകയും ചെയ്യുന്നതിനാൽ, എറണാകുളം മേഖലാ സ്റ്റേഷനറി ആഫീസിലെ ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികകളുടെ എണ്ണം 10-ൽ നിന്നും 9 ആയി കുറയുകയും, കോട്ടയം ജില്ലാ സ്റ്റേഷനറി ആഫീസിലെ

ക്ലാർക്ക്/സീനിയർ ക്ലാർക്ക് കാറ്റഗറിയിലുള്ള തസ്തികകളുടെ എണ്ണം 2-ൽ നിന്നും 3 ആയി മാറുകയും ചെയ്യും.

3. സ്റ്റേഷനറി വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലുള്ള ക്ലാർക്ക് തസ്തികയിലെ നിലവിലുള്ള ഒരൊഴിവ് മലപ്പുറം ജില്ലാ സ്റ്റേഷനറി ആഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിനാൽ, ടി ഒഴിവ് മലപ്പുറം ജില്ലാ പി.എസ്.സി മുഖേന നികത്തുന്നതാണ്.

4. സ്റ്റേഷനറി വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ നിന്നും കണ്ണൂർ ജില്ലാ സ്റ്റേഷനറി ആഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത തസ്തികയിലേയ്ക്ക്, ആസ്ഥാന കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. ഈശ്വർ. ടി. പി-യേയും, തൃശ്ശൂർ ജില്ലാ സ്റ്റേഷനറി ആഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത തസ്തികയിലേയ്ക്ക് ആസ്ഥാന കാര്യാലയത്തിലെ ക്ലാർക്ക് ശ്രീ. രശാന്ത്. വി.ആർ-നേയും സ്ഥലം മാറ്റി നിയമിച്ചിരിക്കുന്നു.

5. എറണാകുളം മേഖലാ സ്റ്റേഷനറി ആഫിസിൽ നിന്നും കോട്ടയം ജില്ലാ സ്റ്റേഷനറി ആഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത തസ്തികയിലേയ്ക്ക്, എറണാകുളം മേഖലാ സ്റ്റേഷനറി ആഫീസിലെ ക്ലാർക്ക് ശ്രീ. എ. സി. കുര്യാക്കോസിനെ സ്ഥലം മാറ്റി നിയമിച്ചിരിക്കുന്നു.

ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

( ഒപ്പ് )
(സി. ശ്യാമളവല്ലി )
സ്റ്റേഷനറി കൺട്രോളർ

സ്വീകർത്താവ്:-
ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-

1. സെക്രട്ടറി, അച്ചടിയും സ്റ്റേഷനറിയും (ആമുഖ കത്ത് സഹിതം).
2. ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കണ്ണൂർ.
3. സബ് ട്രഷറി ആഫീസർ,കോട്ടയം, തൃശ്ശൂർ.
4. എല്ലാ മേഖല/ജില്ല ആഫീസ് മേധാവികൾക്കും.
5. ആസ്ഥാന കാര്യാലയത്തിലെ എല്ലാ വിഭാഗം മേധാവികൾക്കും.
6. എ 2 /എ 4/ഇ 3/സീറ്റുകൾ.
7. ഐ.ടി വിഭാഗം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
8. കൺട്രോളറുടെ സി.എ
9. സ്റ്റോക്ക് ഫയൽ.
10. അധിക പകർപ്പ്.

//ഉത്തരവിൻപടി അയക്കുന്നത്//

സീനിയർ സൂപ്രണ്ട്.

എൽ.വി. 26/03/18